**<u>നിയമസഭ ചട്ടം 304 പ്രകാരം ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള മറുപടി</u>**

എറണാകുളം ജില്ലയിലെ രാമമംഗലം - മണീട് പഞ്ചായത്തുകളെ ബന്ധിപ്പിച്ചു കൊണ്ട് മൂവാറ്റുപുഴ ആറിന് കുറുകെ നിർമ്മിക്കുന്ന കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി 141. 25 സെന്റ് നിലം നികത്തുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ടവർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, നിർദ്ദിഷ്ട നിലം പരിവർത്തനപ്പെടുത്തുന്നത് പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കും എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല നിരീക്ഷണ സമിതി അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ, അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആകെ 99.20 സെന്റ് മാത്രമേ ആവശ്യമായി ഉള്ളൂ എന്നും അതിൽതന്നെ 29 സെന്റ് സ്ഥലം പുരയിടം വിഭാഗത്തിൽപ്പെട്ടതിനാൽ പരിവർത്തനപ്പെടുത്തേണ്ട ഭൂമി 70. 20 സെന്റ് (28.42 ആർസ്) മാത്രമാണ് എന്നും PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. കിഴുമുറിക്കടവ് പാലം നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ട്. എന്നാൽ, അപ്രോച്ച് റോഡിന്റെ കാര്യത്തിൽ സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ. ആവശ്യപ്പെട്ടതനുസരിച്ച്, എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസർ, PWD എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരോട് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത റിപ്പോർട്ടിൽ ആകെ 28.42 ആർ നിലമാണ് പരിവർത്തനാനുമതി ലഭ്യമാകേണ്ടതായിട്ടുള്ളതെന്നും ഇതിൽ നിലം വിഭാഗത്തിൽപ്പെടുന്ന ഭാഗത്തിന് ഏകദേശം 110 മീറ്റർ നീളം

ആണുള്ളതെന്നും പാലത്തിന്റെ നിർമ്മാണത്തിനായി അംഗീകരിച്ച എസ്റ്റിമേറ്റിൽ ക്രോസ്സ് ഡ്രയിനേജ് പ്രവൃത്തികൾക്കായി ഒരു മീറ്റർ വ്യാസമുള്ള കോൺക്രീറ്റ് പൈപ്പുകൾ നിലം വിഭാഗത്തിൽപ്പെടുന്ന നാലിടത്തായി സ്ഥാപിക്കണമെന്നും നീരൊഴുക്ക് തടസ്സമാകാത്ത രീതിയിൽ അപ്രോച്ച് റോഡിന്റെ നിർമ്മാണം സാധ്യമാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ പാലം നിർമ്മാണം ഏകദേശം പൂർത്തിയായതിനാൽ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി അലൈന്മെന്റ് മറ്റു തടസ്സങ്ങൾ ഇല്ലാത്ത രീതിയിൽ പുനർ നിർണ്ണയിക്കുക സാധ്യമല്ല. പ്രസ്തുത നിലം പരിവർത്തനപ്പെടുത്തുന്നത് പൊതു ആവശ്യത്തിനായതിനാൽ പരിസ്ഥിതിക വ്യവസ്ഥയേയോ, ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയോ ദോഷകരമായി ബാധിക്കില്ല എന്നും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇക്കാര്യത്തിൽ ബഹു. റവന്യൂ വകുപ്പിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടി നിലം പരിവർത്തനപ്പെടുത്തുന്നത് രാമമംഗലം വില്ലേജിലെ കടവ് പാടശേഖരത്തിലെ നെൽവയലിന്റെ നാശത്തിനും പാരിസ്ഥിതിക പ്രശ്നത്തിനും കാരണമായേക്കാമെന്ന സംസ്ഥാനതല നിരീക്ഷണ സമിതിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും പാരിസ്ഥിതിക ആഘാതം പരമാവധി പരിഹരിച്ച് കൊണ്ട് അപ്രോച്ച് റോഡ് പണിയുന്നതിന് ശുപാർശ ചെയ്തിട്ടുള്ള ~~എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ~~ റിപ്പോർട്ടിന്മേൽ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തി നൽകാൻ ഫയൽ 11/12/2020 തീയതിയിൽ പരിസ്ഥിതി വകുപ്പിന് കൈമാറിയിട്ടുണ്ട്. പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായം കൂടി ലഭിച്ചശേഷം ഇക്കാര്യത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

22/1/2021